പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെകാര്യാലയം,
ഹയർസെക്കൻററിവിഭാഗം,
ഹൗസിങ്ബോർഡ്ബിൽഡിംഗ്,
തിരുവനന്തപുരം–1

നംബർ. **ICT Cell/1771/3/DGE-HSS/2020** **14/09/2020**

# സർക്കുലർ

## വിഷയം : ക്രിട്ടിക്കൽ കണ്ടെയ്ന്മെൻറ് സോൺ , കോവിഡ് നിരീക്ഷണം എന്നിവയിൽപ്പെട്ടവരുടെ പ്ലസ്‌വൺ പ്രവേശനം സംബന്ധിച്ച്

കോവിഡ് 19 മഹാമാരിയുടെ പശ്ചാത് തലത്തിൽ ക്രിറ്റിക്കൽ കണ്ടെയ്ന്മെൻറ് സോണിലുള്ളവർ ,കോവിഡ് നിരീക്ഷണത്തിൽ കഴിയുന്നവർ എന്നിവർക്ക് പ്ലസ്‌വൺ പ്രവേശനം നേടുന്നതിന് പ്രവേശനത്തിൻെറ അവസാന തീയതിക്കു മുൻപായി സ്ക്കൂളുകളിൽ ഹാജരാകാൻ സാധിക്കുകയില്ലെങ്കിൽ ഓൺലൈനായി പ്രവേശനം നേടുന്നതിനുള്ള സൗകര്യം 2020 സെപ്റ്റംബർ 17 മുതൽ കാൻഡിഡേറ്റ് ലോഗിനിൽ ലഭ്യമാകുന്നതാണ്. ഇത്തരത്തിൽ സ്കൂളിൽ ഹാജരായി പ്രവേശനം നേടാൻ സാധിക്കാത്തവർക്ക് കാൻഡിഡേറ്റ് ലോഗിനിലെ Online Joining എന്ന ലിങ്കിലൂടെ പ്രവേശനത്തിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ സ്കാൻഡ് കോപ്പികൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. കൂടാതെ ഒന്നാം ഓപ്ഷനിലൂള്ളവർ സ്ഥിരപ്രവേശനത്തിനും അല്ലാത്തവർ സ്ഥിരപ്രവേശനത്തിനോ അല്ലെങ്കിൽ താൽക്കാലിക പ്രവേശനത്തിനോ താൽപര്യമറിയിക്കണം. ഇത്തരത്തിൽ ഓൺലൈനായി ജോയിൻ ചെയ്യാൻ സർട്ടിഫിക്കറ്റ് വിവരങ്ങൾ അപ്‌ലോഡ് ചെയ്തു കഴിഞ്ഞാൽ പ്രസ്തുത വിദ്യാർത്ഥിയ്ക്ക് അലോട്ട്മെൻറ് ലഭിച്ച സ്കൂൾ പ്രിൻസിപ്പാളിൻെറ ലോഗിനിൽ ആയത് ലഭ്യമാകുകയും ടി പ്രിൻസിപ്പാൾ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വെരിഫൈ ചെയ്ത് സാധുത ഉറപ്പാക്കി പ്രവേശനത്തിന് അനുമതി നൽകുന്നതുമാണ്. പ്രിൻസിപ്പാളിൻെറ അനുമതി ലഭിച്ചാൽ പൊതുഖജനാവിൽ അടയ്ക്കേണ്ട തുക ഓൺലൈനായി കാൻഡിഡേറ്റ് ലോഗിനിലെ Fee Payment എന്ന ലിങ്കിലൂടെ അടച്ച് പ്രവേശന നടപടികൾ പൂർത്തീകരിക്കാവുന്നതാണ്. ഇത്തരത്തിൽ ഓൺലൈൻ പ്രവേശനം നേടുന്നവർ സ്കൂളിൽ നേരിട്ട് ഹാജരാകാൻ സാധിക്കുന്ന ഏറ്റവും അടുത്ത ദിവസം സർട്ടിഫിക്കറ്റും മറ്റ് രേഖകളും PD അക്കൗണ്ടിൽ അടയ്ക്കേണ്ട ഫീസും സ്കൂൾ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അവസരത്തിൽ സത്യവിരുദ്ധമായ എന്തെങ്കിലും കണ്ടെത്തുകയാണെങ്കിൽ വിദ്യാർത്ഥിയുടെ പ്രവേശനം റദ്ദാക്കുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ